# കോവിഡ് - 19 ലോക്ഡൗൺ പശ്ചാത്തലത്തിൽ കർഷകർക്കും കാർഷികമേഖലക്കുമുള്ള നിർദ്ദേശങ്ങൾ

## കേന്ദ്ര സർക്കാർ നിർദ്ദേശങ്ങൾ *

*ലോക്ഡൗണിൽ നിന്നും ഒഴിവാക്കപ്പെട്ട കൃഷിയും അനുബന്ധ മേഖലകളും**

1) മൃഗാശുപത്രികൾ
2) കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണത്തിലും തറവില നിശ്ചയിക്കുന്നതിലും ഏർപ്പെട്ടിരിക്കുന്ന ഏജൻസികൾ
3) സർക്കാർ അധീനതയിലുള്ള കാർഷിക ഉൽപ്പന്ന വിപണന കമ്മിറ്റിയുടെ നിയന്ത്രണത്തിലുള്ള കാർഷിക ചന്തകൾ
4) കർഷകരും കർഷകത്തൊഴിലാളികളും കൃഷിയിടത്തിൽ ചെയ്യുന്ന കൃഷിപ്പണികൾ
5) കാർഷിക ഉപകരണങ്ങൾ വാടകയ്ക്ക് കൊടുക്കുന്ന സ്ഥാപനങ്ങൾ
6) വിത്ത്, വളം, കീടനാശിനികൾ എന്നിവയുടെ ഉത്പാദനവും പാക്കേജിങ്ങും ചെയ്യുന്ന സ്ഥാപനങ്ങൾ
7) കൊയ്ത്ത്മെതിയന്ത്രം പോലുള്ള വിളവെടുപ്പ്, നടീൽ അനുബന്ധ കാർഷിക ഉപകരണങ്ങളുടെയും യന്ത്രങ്ങളുടെയും കയറ്റി കൊണ്ടുപോകലും അവയുടെ ഉപയോഗവും

മേൽസൂചിപ്പിച്ച പട്ടികയിലുള്ള സംവിധാനങ്ങൾ, കർഷകർക്ക് കാർഷികവൃത്തിയിൽ വേണ്ട അവശ്യസാധനങ്ങൾ ലഭ്യമാകുന്നു, എന്ന് ഈ ലോക്ഡൗൺ സമയത്ത് ഉറപ്പുവരുത്തുന്നു. ഇതിനായുള്ള നിർദേശങ്ങൾ സംസ്ഥാന സർക്കാരുകൾക്കും, വകുപ്പുതലങ്ങളിലും, കേന്ദ്രഭരണ പ്രദേശങ്ങളിലും ഈ സമയത്ത് നൽകിയിട്ടുണ്ട്.

**(ആഭ്യന്തര വകുപ്പ് നിർദ്ദേശപ്രകാരം ഓർഡർ നമ്പർ. 40-3/2020-DM-I(A) തീയതി 24th, 25th and 27th മാർച്ച്, കൂടാതെ കൃഷി കർഷകക്ഷേമ മന്ത്രാലയം അപേക്ഷപ്രകാരം ഇന്ത്യാ ഗവൺമെൻറ് ഒഴിവാക്കിക്കൊണ്ടുള്ള ക്ലോസ് 2,4,5 & 6)*

കേന്ദ്രസർക്കാർ പോളിസി നിർദേശപ്രകാരം സംസ്ഥാന സർക്കാരുടെ വിവിധ മിനിസ്ട്രി വകുപ്പുകൾക്ക് കാർഷിക മേഖലയിലെ ഈവിധ ജോലികൾ നടത്തി കൊണ്ടുപോകുവാൻ വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

## <u>കർഷകർക്കായുള്ള നിർദ്ദേശങ്ങൾ</u>

### *വിളവെടുപ്പും വിള പരിപാലനവും*

കോവിഡ് വ്യാപനത്തിനിടയിൽ കാർഷിക വിളകളുടെ വിളവെടുപ്പ് സമയമടുത്തിരിക്കുന്നു. വിളവെടുപ്പും വിള കൈകാര്യം ചെയ്യുന്നതും, അവ തക്കസമയത്ത് വിപണിയിലെത്തിക്കുന്നതും കാർഷിക മേഖലക്ക് സമയബന്ധിതമായി അനിവാര്യമാണ്. എന്നിരുന്നാലും കർഷകർ രോഗവ്യാപനത്തിന് എതിരെ സുരക്ഷിത മാനദണ്ഡങ്ങൾ സ്വീകരിക്കേണ്ടതാണ്. സാമുഹിക അകലം പാലിക്കുക, സോപ്പ് ഉപയോഗിച്ച് കൈകൾ കഴുകുക, മുഖാവരണം ധരിക്കുക, സുരക്ഷാ വസ്ത്രങ്ങൾ ധരിക്കുക എന്നീ വ്യക്തി ശുചിത്വം പാലിക്കേണ്ട മാർഗ്ഗങ്ങളും, കാർഷിക യന്ത്രങ്ങളും, ഉപകരണങ്ങളും മറ്റും വൃത്തിയായി സൂക്ഷിക്കുക തുടങ്ങിയ ലളിതമായ മാർഗ്ഗങ്ങളും അവലംബിക്കേണ്ടതാണ്. അതുപോലെതന്നെ കാർഷിക തൊഴിലാളികളും സുരക്ഷിത മാർഗങ്ങൾ സ്വീകരിക്കുകയും സാമുഹിക അകലം പാലിച്ച് കാർഷികവൃത്തിയിൽ ഏർപ്പെടുകയും ചെയ്യേണ്ടതാണ്.

* കൊയ്ത്ത്-മെതിയന്ത്രം ഉപയോഗിച്ചുള്ള ഗോതമ്പു വിളവെടുപ്പ് വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ അടുത്തുവരുന്നുണ്ട്. സംസ്ഥാനത്തിനകത്തും പുറത്തുമുള്ള യന്ത്രങ്ങളുടെ കയറ്റി കൊണ്ടുപോകലും, അവയുടെ ഉപയോഗവും അനുവദിക്കപ്പെട്ടിരിക്കുന്നു . യന്ത്രങ്ങളുടെ പ്രവർത്തനവും, നന്നാക്കലും -പരിപാലനവും നടത്തുന്ന തൊഴിലാളികളും എല്ലാവിധ സുരക്ഷാ മാനദണ്ഡങ്ങളും പാലിക്കേണ്ടതാണ്.

* കടുക് വിളവെടുപ്പും നടന്നുകൊണ്ടിരിക്കുന്നു. വിളവെടുപ്പ് കഴിഞ്ഞ സ്ഥലങ്ങളിൽ അവയുടെ മെതിക്കൽ പ്രക്രിയ നടത്തേണ്ടതുണ്ട്.

* പയറുവർഗ്ഗവിളകൾ, ചോളം, പച്ചമുളക് എന്നിവയുടെ വിളവെടുപ്പും ആഗതമായിരിക്കുന്നു.

* കരിമ്പ് വിളവെടുപ്പ് ഇപ്പോൾ ഉച്ചസ്ഥായിയിൽ ആണ്. അതുപോലെതന്നെ വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ കരിമ്പ് നടേണ്ട സമയവുമാണ്.

* വയൽ വിളകൾ, പഴം-പച്ചക്കറി, മുട്ട, മത്സ്യം എന്നിവ വിളവെടുക്കുമ്പോഴും, വിളവെടുപ്പിനു ശേഷവും, വിള കൈകാര്യം ചെയ്യുമ്പോഴും വ്യക്തിശുചിത്വ മാനദണ്ഡങ്ങളും സാമൂഹിക അകലവും പാലിക്കേണ്ടതാണ്.

* സ്വമേധയാചെയ്യുന്ന വിളവെടുപ്പുപോലെയുള്ള കാർഷിക പ്രവർത്തനങ്ങളിൽ 4-5 അടി അകലത്തിൽ ഓരോ ആൾക്കും ഓരോ വരി വെച്ച് നിയോഗിക്കാവുന്നതാണ്. ഇങ്ങനെ, ഓരോ കാർഷിക തൊഴിലാളിക്കുമിടയിൽ ആവശ്യത്തിനുള്ള അകലം ഉറപ്പാക്കാം.

* കാർഷിക ജോലികളിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവരും മുഖാവരണം ധരിക്കുകയും, സോപ്പ് ഉപയോഗിച്ച് കൈ കഴുകുകയും ചെയ്യണം.

* വിശ്രമിക്കുമ്പോഴും, ഭക്ഷണം കഴിക്കുമ്പോഴും, വിള കൈമാറ്റം ചെയ്യുമ്പോഴും, കയറ്റിറക്ക് നടത്തുമ്പോഴും 4-5 അടി എന്ന സുരക്ഷിത അകലം പാലിക്കേണ്ടതാണ്.

* ഒരേ ദിവസം തന്നെ കൂടുതൽ ആൾക്കാരെ നിയോഗിക്കാതിരിക്കുവാനായി കാർഷിക പ്രവർത്തനങ്ങൾ വിഘടിച്ചു നൽകുക.

* ഒരു നല്ല പരിധി വരെ സ്വയം പരിചയം ഉള്ളവരെയും, ന്യായമായ അന്വേഷണത്തിനു ശേഷം രോഗവാഹകരല്ല എന്ന് ഉറപ്പുള്ളവരെ മാത്രം കൃഷി പണിക്കായി നിയോഗിക്കുക.

* സാധ്യമായിടത്തെല്ലാം യന്ത്രവത്കരണം നടപ്പാക്കുക. യന്ത്രങ്ങൾ പ്രവർത്തിക്കാൻ വേണ്ടി അത്യാവശ്യത്തിനു മാത്രമുള്ള ആൾക്കാരെ നിയോഗിക്കുക.

* എല്ലാ യന്തങ്ങളും പ്രവർത്തനാരംഭത്തിലും, കൃത്യമായ ഇടവേളകളിലും അണുവിമുക്തമാക്കേണ്ടതാണ്. എല്ലാ ചരക്കു വാഹനങ്ങളും, ചാക്കുകൾ മുതലായ മറ്റു പാക്കേജിംഗ് സാമഗ്രികളും അണുവിമുക്തമാക്കേണ്ടതാണ്.

* ഉൽപന്നങ്ങളുടെ ശേഖരം ചെറിയ കൂനകളായി 3-4 അടി അകലത്തിൽ ക്രമീകരിക്കേണ്ടതും, ഓരോ കുനയും കൈകാര്യം ചെയ്യുന്നതിനായി 1-2 ആൾക്കാരെ മാത്രം ചുമതലപ്പെടുത്തി തിരക്ക് ഒഴിവാക്കേണ്ടതുമാണ്.

* ചോളം, നിലകടല എന്നി വയ്ക്കുള്ള മെതിയന്ത്രങ്ങൾ കർഷകരും, കർഷക ഗ്രൂപ്പുകളും സഹകരിച്ച് ഉപയോഗിക്കുമ്പോൾ, അവ വൃത്തിയാക്കിയതും, അണുവിമുക്തമാക്കിയതുമാണെന്ന് ഉറപ്പു വരുത്തേണ്ടതാണ്. യന്ത്രഭാഗങ്ങൾ കൂടെക്കൂടെ സോപ്പുപയോഗിച്ച് യഥേഷ്ടം കഴുകേണ്ടതുമാണ്.

**കാർഷിക ഉൽപന്നങ്ങളുടെ വിളവെടുപ്പിനു ശേഷമുള്ള പ്രവർത്തനങ്ങളും സംഭരണവും, വിപണനവും**

* കൃഷിയിടത്തിൽ വച്ച് ഉൽപന്നങ്ങൾ ഉണക്കി, മെതിച്ച്, പാറ്റി, ശുദ്ധീകരിച്ച്, തരം തിരിച്ച്, കെട്ടുകളാക്കുന്ന സമയം, പൊടിയുടെയും മറ്റു ദ്രാവക കണികകളുടെയും ഉപദ്രവം ഹേതുവായി ശ്വാസതടസ്സം ഉണ്ടാകാതിരിക്കുവാൻ മുഖാവരണം ധരിക്കുക.

* സംഭരണത്തിനു മുമ്പായി, വിളവെടുത്ത ധാന്യങ്ങൾ, ചെറു ധാന്യങ്ങൾ, പയർ വർഗ്ഗങ്ങൾ എന്നിവ കൃഷിയിടത്തിൽ / വീട്ടിൽ വച്ചു തന്നെ നന്നായി ഉണങ്ങിയിട്ടുണ്ടന്ന് ഉറപ്പു വരുത്തുക. കീടശല്യം ഒഴിവാക്കുന്നതിനായി മുൻ മുമ്പ് ഉപയോഗിച്ച ചണചാക്കുകൾ ഉപയോഗിക്കാതിരിക്കുക. 5% വീര്യമുള്ള വേപ്പിൻസത്ത് ലായനിയിൽ മുക്കി ശുദ്ധീകരിച്ച്, ഉണക്കിയ ചണ ചാക്കുകൾ മാത്രം ഉപയോഗിക്കുക.

* കൂടുതൽ വില കിട്ടുന്നതിനായി ഉൽപന്നം സ്വന്തം കൃഷിസ്ഥലത്തോ അടുത്തുള്ള ശീതീകരണികളിലോ, ഗോഡൗണുകളിലോ, വെയർഹൗസുകളിലോ സൂക്ഷിക്കേണ്ടതായി വന്നാൽ, ആവശ്യത്തിന് ചണചാക്കുകൾ കർഷകർക്ക് ലഭ്യമാക്കുകയും, മറ്റ് മുൻകരുതലുകൾ സ്വീകരിക്കേണ്ടിയതുമാണ്.

* ഉൽപന്നത്തിൻ കയറ്റിറക്കു സമയങ്ങളിലും, ഗതാഗതത്തിലും, വിൽപ്പനയിലും ലേലത്തിലും പങ്കെടുക്കുമ്പോഴും ആവശ്യത്തിനുള്ള വ്യക്തി സുരക്ഷിതത്വ മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.

* വിത്തുൽപാദനത്തിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് അവരുടെ ഉൽപന്നം വിത്ത് കമ്പനികളിലേക്ക് സാക്ഷ്യപത്രം സഹിതം എത്തിക്കുവാൻ അനുമതി ഉണ്ടായിരിക്കുന്നതാണ്. തുക സ്വീകരിക്കുമ്പോഴും വേണ്ടിയ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.

* ഏപ്രിൽ മാസത്തിൽ വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ തീറ്റപ്പുൽ കൃഷിക്കുള്ള വിത്തു സംഭരണവും, കയറ്റി അയയ്ക്കലും (ദക്ഷിണേന്ത്യയിൽ നിന്നും ഉത്തരേന്ത്യയിലേയ്ക്ക്) ഈ കാലയളവിൽ അനിവാര്യമാണ്.

* കൃഷിയിടത്തിൽ നിന്നും തക്കാളി, കോളിഫ്ലവർ, ഇലവർഗ്ഗങ്ങൾ, വെള്ളരി വർഗ്ഗങ്ങൾ തുടങ്ങിയവ ഉപഭോക്താക്കളിലേയ്ക്ക് നേരിട്ട് എത്തിക്കുമ്പോൾ ആവശ്യമുള്ള സുരക്ഷാ മാനദണ്ഡങ്ങൾ സ്വീകരിക്കേണ്ടതാണ്.

**നിലവിലുള്ള വയൽവിളകൾ**

* ഗോതമ്പ് വിളയിക്കുന്ന സ്ഥലങ്ങളിൽ താപനില ഇപ്പോഴും അനുയോജ്യമായതിലും താഴെയാണ്. അതിനാൽ വിളവെടുപ്പ് ഏപ്രിൽ മാസം 10-ന് ശേഷം, ഉദ്ദേശം 10-15 ദിവസത്തോളം വൈകാൻ സാധ്യതയുണ്ട്. ആയതിനാൽ, ഗോതമ്പ് കർഷകർക്ക് അധികം നഷ്ടമുണ്ടാകാതെതന്നെ ഏപ്രിൽ 20 വരെ വിളവെടുപ്പ് നീട്ടിവയ്ക്കാവുന്നതാണ്. ഈ സമയത്തിനുള്ളിൽ തീയതി നിശ്ചയിക്കുകയും ഗതാഗത സംവിധാനങ്ങൾ ഒരുക്കുകയും ചെയ്യാവുന്നതാണ്.

* ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ നെല്ലിൽ ധാന്യംനിറയുന്ന ഘട്ടത്തിൽ കരിച്ചിൽ രോഗം കാണപ്പെട്ടു വരുന്നു. കർഷകരോ, കരാർ അടിസ്ഥാനത്തിൽ തൊഴിലാളികളോ മരുന്നു തളിക്കുമ്പോൾ ആവശ്യമുള്ള മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്.

* നെല്ലിൻ വിളവെടുപ്പ് സമയങ്ങളിൽ ഒറ്റപ്പെട്ട മഴയുടെ സാഹചര്യം ഉണ്ടായാൽ, നെല്ല് മുളയ്ക്കുന്നത് ഒഴിവാക്കാനായി 5% ഉപ്പ് ലായനി തളിക്കുക.

* മാവ് പോലുള്ള തോട്ടവിളകളിൽ ചെടിക്ക് ആവശ്യമായ മൂലകങ്ങളും മറ്റു മരുന്നുകൾ കൂട്ടുമ്പോഴും, തളിക്കുമ്പോഴും, ഉപകരണങ്ങൾ കഴുകി വയ്ക്കുമ്പോഴും വേണ്ടുന്ന സുരക്ഷാ ക്രമീകരങ്ങൾ ചെയ്യേണ്ടതാണ്.

* നെൽകൃഷിക്കു ശേഷം തരിശു ഭൂമിയിൽ നടത്തുന്ന പയർ വർഗ്ഗകൃഷിയെ ബാധിക്കാവുന്ന വൈറസ് നിയന്ത്രിക്കാൻ വെള്ളച്ചകൾക്കെതിരെ മരുന്നു തളിക്കുമ്പോൾ തൊഴിലാളികൾ എല്ലാ സുരക്ഷാ മുൻ കരുതലുകളും എടുത്തുവെന്ന് ഉറപ്പു വരുത്തണം.